## പതിനഞ്ചാം കേരള നിയമസഭ

# സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി

**(2021-2023)**

## നാലാമത് റിപ്പോർട്ട്

(2023 [illegible] തീയതി സഭയിൽ സമർപ്പിച്ചത്)

[2021 ജനുവരി 1 മുതൽ 2021 ഡിസംബർ 31 വരെ സമിതി പരിഗണിച്ച പരാതികൾ സംബന്ധിച്ച്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

പതിനഞ്ചാം കേരള നിയമസഭ

# സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021-23)

## നാലാമത് റിപ്പോർട്ട്

(2023 [illegible]-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[2021 ജനുവരി 1 മുതൽ 2021 ഡിസംബർ 31 വരെ സമിതി പരിഗണിച്ച പരാതികൾ സംബന്ധിച്ച്]

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1-22 |
| അനുബന്ധം : I സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ അവസാനിപ്പിച്ച പരാതികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് | .. | 23-33 |
| അനുബന്ധം : II സർക്കാരിൽ നിന്ന് അന്തിമ റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ നടപടി തുടരുന്ന ഫയലുകളുടെ ലിസ്റ്റ് | .. | 35-88 |

## സമിതിയുടെ ഘടന

**അദ്ധ്യക്ഷ:**

ശ്രീമതി യു. പ്രതിഭ

**അംഗങ്ങൾ :**

ശ്രീമതി ഒ. എസ്. അംബിക

ശ്രീമതി സി. കെ. ആശ

ശ്രീമതി ദെലീമ

ശ്രീമതി കാനത്തിൽ ജമീല

ഡോ. എൻ. ജയരാജ്

ഡോ. എം. കെ. മുനീർ

* ശ്രീമതി ഉമ തോമസ്

ശ്രീമതി ശാന്തകുമാരി കെ.

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. വേണുഗോപാൽ ആർ., ജോയിന്റ് സെക്രട്ടറി

ശ്രീമതി. ലാലി വി.എസ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി

ശ്രീ. അനിൽകുമാർ ബി., അണ്ടർ സെക്രട്ടറി

* ശ്രീ. സജീവ് ജോസഫ് എം.എൽ.എ-2022 ജൂലൈ 12 -ാം തീയതി രാജിവച്ച ഒഴിവിനെത്തുടർന്ന്.

# ആമുഖം

പതിനഞ്ചാം കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021-23), 2021 ജൂൺ 15 ന് രൂപീകൃതമായി. 2022 ജൂലൈ 12 -ാം തീയതി ശ്രീ. സജീവ് ജോസഫ് എം.എൽ.എ. രാജിവച്ച ഒഴിവിൽ ശ്രീമതി. ഉമ തോമസ് എം.എൽ.എ.-യെ ബഹു സ്പീക്കർ നാമനിർദ്ദേശം ചെയ്തു. 2021 ജനുവരി മുതൽ ഡിസംബർ 31 വരെയുള്ള റിപ്പോർട്ട് കാലയളവിൽ സമിതി 8 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 7 യോഗങ്ങൾ സമിതിക്ക് ലഭിച്ച പരാതികളും സർക്കാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളും പരിഗണിക്കുന്നതിനും ഒരു യോഗം പാലക്കാട് ജില്ലയുമായി ബന്ധപ്പെട്ട പരാതികളിന്മേൽ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുന്നതിന് 14/12/2021-ന് പാലക്കാട് ജില്ലയിലെ അഗളിയിൽ ചേരുകയും ചെയ്തു.

2021 ജനുവരി 1 മുതൽ 2021 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച ഹർജി വിഷയങ്ങളുടെയും അവ സംബന്ധിച്ച് സർക്കാരിൽ നിന്ന് ലഭിച്ച റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2023 മാർച്ച് 15-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

യു. പ്രതിഭ,
അദ്ധ്യക്ഷ,
സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും
കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും
ക്ഷേമം സംബന്ധിച്ച സമിതി

തിരുവനന്തപുരം,
20-3 .2023

## റിപ്പോർട്ട്

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ സ്ത്രീസ്വാതന്ത്ര്യവും സാക്ഷരതാ നിരക്കും ജീവിത സാഹചര്യങ്ങളും ഉയർന്നെങ്കിലും സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമത്തിന്റെയും ചൂഷണത്തിന്റെയും നിരക്ക് കുറഞ്ഞിട്ടില്ല.സാക്ഷരതയിലും മനുഷ്യവിഭവശേഷിയിലുംമുന്നിൽ നിൽക്കുന്ന കേരളത്തിലും സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ ധാരാളം അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഇത്തരം കുറ്റകൃത്യങ്ങളുടെ ക്രമാതീതമായ വർദ്ധനവ് നമ്മുടെ സാംസ്കാരിക അധഃപതനത്തിന്റെ സൂചകങ്ങളാണ്.

2. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടുകൂടി 1992 ജൂലൈ 27-ാം തീയതി കേരള നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച

സമിതി രൂപീകൃതമായി. 1999 ആഗസ്റ്റ് 3-ലെ ഗസറ്റ് വിജ്ഞാപനപ്രകാരം ഭിന്നശേഷിക്കാരുടെ ക്ഷേമവും കൂടി സമിതിയുടെ അധികാരപരിധിയിൽ ഉൾപ്പെടുത്തി. 2018 ജൂൺ 24-ാം തീയതിയിലെ വിജ്ഞാപന പ്രകാരം ട്രാൻസ്ജെന്ററുകളുമായി ബന്ധപ്പെട്ട വിഷയം കൂടി സമിതിയുടെ അധികാര പരിധിയിൽ ഉൾപ്പെടുത്തി സമിതിയുടെ പേര് 'സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി ' എന്ന് പുനർനാമകരണം ചെയ്യുകയുണ്ടായി.

3. സ്ത്രീകളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നിരവധി നിയമനിർമ്മാണങ്ങൾക്കും ക്ഷേമ പദ്ധതികൾക്കും കേന്ദ്ര സംസ്ഥാന സർക്കാരുകൾ രൂപം നൽകിയിട്ടുണ്ടെങ്കിലും സ്ത്രീകൾ ക്കെതിരെയുള്ള അതിക്രമങ്ങളുടെയും ചൂഷണങ്ങളുടെയും എണ്ണം

നാൾക്കുനാൾ വർദ്ധിച്ചുവരികയാണ് . സ്ത്രീശാക്തീകരണം ഒരളവുവരെ പ്രാവർത്തികമായിട്ടും സ്ത്രീധനത്തിന്റെ ഇരകളായി ഒട്ടേറെ പെൺകുട്ടികളുടെ ജീവനുകൾ പൊലിയുന്ന ദുരവസ്ഥ സമൂഹത്തിൽ വർദ്ധിച്ച വരുന്നു .ഗാർഹിക പീഡനങ്ങൾ നേരിടേണ്ടി വരുമ്പോൾ നിയമപരിരക്ഷ യഥാസമയം സ്ത്രീകൾക്ക് ലഭ്യമാകുന്ന സാഹചര്യം ഉണ്ടായാൽ ഇത്തരം ദാരുണ സംഭവങ്ങൾ ഒരു പരിധി വരെ ഒഴിവാക്കാൻ കഴിയുന്നതാണ് . എന്നാൽ നിയമങ്ങൾ ധാരാളം നിലവിലുണ്ടെങ്കിലും ആയത് നടപ്പിലാക്കുന്നതിലെ കാലതാമസം പലപ്പോഴും ഇരകളായ സ്ത്രീകളുടെ ദുരവസ്ഥ പതിന്മടങ്ങ് വർദ്ധിപ്പിക്കുന്നു .ഗാർഹിക പീഡനങ്ങൾവേണ്ടത്രറിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുന്നതുംകുട്ടികൾ വീട്ടിലുംപഠനസ്ഥലത്തുംപീഡനങ്ങൾക്കിരയാകുന്നതുംസ്ത്രീകളുടെയും കുട്ടികളുടെയും ശാരീരിക-മാനസീകാരോഗ്യത്തിനും തദ്വാരാ സമൂഹത്തിനും വൻഭീഷണിയുയർത്തുന്നുണ്ട്.POCSO-നിയമത്തിലെ

അപാകതകളും Transgenters Act- ലുള്ള പോരായ്മകളും പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്.

4. 15-ാം കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021-2023) 2021 ജൂൺ 15 ന് രൂപീകൃതമായി. 2022 ജൂലൈ 12 -ാം തീയതി ശ്രീ. സജീവ് ജോസഫ് എം.എൽ.എ രാജിവച്ച ഒഴിവിൽ ശ്രീമതി. ഉമ തോമസ് എം.എൽ.എ-യെ ബഹു സ്പീക്കർ നാമനിർദ്ദേശം ചെയ്തു.

5. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ റിപ്പോർട്ട് കാലയളവിൽ സമിതി 8 യോഗങ്ങൾ ചേരുകയുണ്ടായി. സമിതിക്ക് ലഭിച്ച പരാതികളും സർക്കാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളും പരിഗണിക്കുന്നതിനായി 7 സാധാരണ യോഗങ്ങളും

(14/7/2021, 9/9/21, 17/09/2021, 23/09/21, 19/11/21, 29/11/21, 8/12/21) ഒരു സന്ദർശനയോഗം (14/12/2021) പാലക്കാട് ജില്ലയിലെ അഗളിയിൽ ചേരുകയും ചെയ്തു.

6. സമിതി അതിന്റെ പ്രവർത്തന പരിധിയിൽ വരുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും ആയതിന്മേൽ സർക്കാരിൽ നിന്ന് ലഭിക്കുന്ന റിപ്പോർട്ടുകൾ പരിശോധിച്ച് പരാതി പരിഹരിക്കപ്പെട്ടു എന്ന് ഉറപ്പുവരുത്തുകയും, തൃപ്തികരമായി തോന്നാത്ത വിഷയങ്ങളിൽ തുടർനടപടി നിർദ്ദേശിക്കുകയും ചെയ്യുന്നു . ആവശ്യമുള്ള സന്ദർഭങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും ഹർജിക്കാരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നു. ഹർജിക്കാധാരമായ സ്ഥലം സന്ദർശിച്ച് ബന്ധപ്പെട്ട

വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുത്ത് ആയത് ശ്രദ്ധാപൂർവ്വം പഠിച്ച് പ്രശ്നപരിഹാരത്തിന് ആവശ്യമായ ശിപാർശകൾ തയ്യാറാക്കുന്നു. തുടർന്ന് സമിതി പ്രസ്തുത ശിപാർശകൾ ഉൾക്കൊള്ളുന്ന റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിക്കുകയും തുടർ നടപടിക്കായി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് അയയ്ക്കുകയും ചെയ്യുന്നു. ഇതുകൂടാതെ സമിതിയുടെ പ്രവർത്തനപരിധിയിൽ വരുന്ന വിഷയങ്ങളിന്മേൽ പ്രത്യേക പഠനം നടത്തി അത് സംബന്ധിച്ച റിപ്പോർട്ടുകളും സഭയിൽ സമർപ്പിച്ച് തുടർനടപടി സ്വീകരിക്കാറുണ്ട്.

7. ഇന്ത്യൻ ഭരണഘടനയുടെ പതിനഞ്ചാംഅനുച്ഛേദത്തിൽ ലിംഗപരമായ വിവേചനം പാടില്ലെന്ന് വ്യവസ്ഥയുണ്ട്. ഭൂരിപക്ഷ ലിംഗ വിഭാഗങ്ങളെപ്പോലെ മറ്റൊരു ലിംഗ വിഭാഗമാണ് ട്രാൻസ്ജെന്ററുകൾ. എന്നാൽ ട്രാൻസ്ജെന്ററുകൾ ജോലി

സ്ഥലങ്ങളിലും, സ്കൂളുകളിലും കുടുംബത്തിലും വീട്ടുകളിലും, എല്ലായിടത്തും അനീതി നേരിടുന്നു. സമൂഹത്തിൽ നേരിടേണ്ടി വരുന്ന അപമാനവും വിവേചനവുമാണ് ട്രാൻസ്ജന്റേഴ്സിന്റെ പ്രശ്നങ്ങൾക്ക് തുടക്കം കുറിക്കുന്നതും തത്ഫലമായി അവർ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയപരവുമായ വൃത്തത്തിൽ നിന്നും വേർതിരിക്കപ്പെടുന്നതും, വ്യവസ്ഥാനുസരണമുള്ള അനീതിയുടെ കാഴ്ചപ്പാടിൽ അവരുടെ തുല്യമായ അവകാശങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിൽ നിന്ന് ഈ പിന്നാക്ക വിഭാഗങ്ങൾ തടയപ്പെടുകയും രണ്ടാംകിട പൗരന്മാരായി സമൂഹത്തിൽ ജീവിക്കേണ്ടതായും വരുന്നു . ട്രാൻസ്ജെന്റർ വ്യക്തികൾക്ക് അവരുടെ ഭരണഘടനാപരമായ അവകാശങ്ങളോടുകൂടി തന്നെ ഇന്ത്യയിലെ മറ്റേതൊരു പൗരനും സമാനമായ രീതിയിൽ ജീവിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടതുണ്ട്.

8. ഒരു രാഷ്ട്രത്തിന്റെ പുരോഗതിയും വികസനവും നിർണ്ണയിക്കുന്ന അടിസ്ഥാന ഘടകങ്ങളിലിലൊന്നാണ് കുട്ടികൾ. ആയതിനാൽ കുട്ടികളുടെ സമഗ്ര വികസനവും വ്യക്തിത്വവും ഉറപ്പുവരുത്തുകയാണ് ഒരു രാജ്യത്തിന്റെ പ്രാഥമിക ലക്ഷ്യങ്ങളിലൊന്ന്. എന്നാൽ രാജ്യത്ത് കുട്ടികൾക്കെതിരെയുള്ള ശാരീരികവും മാനസികവുമായ പീഡനങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്നതായാണ് കാണുന്നത്. ഗൃഹാന്തരീക്ഷങ്ങളിലും പൊതു സ്ഥലങ്ങളിലുമെല്ലാം കുട്ടികൾ അതിക്രമങ്ങൾക്ക് ഇരയാകുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠനം ഓൺലൈൻ ആയതോടുകൂടി കുട്ടികളിൽ മൊബൈൽ ഫോണിന്റെ ഉപയോഗം വർദ്ധിക്കുകയും സമൂഹമാധ്യമങ്ങളിൽ കുട്ടികൾ സജീവമായി ഇടപെടുകയും ചെയ്യുന്നു. തന്മൂലം കുട്ടികൾ പല ചതിക്കുഴികളിലും അകപ്പെടുന്നു.

9. ഐക്യരാഷ്ട്ര സംഘടനയുടെ കണക്ക് പ്രകാരം ലോകജനസംഖ്യയുടെ പത്ത് ശതമാനം ഭിന്നശേഷിക്കാരാണ്. ഭിന്നശേഷിക്കാർക്ക് തുല്യ അവസരവും അവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും ഉറപ്പാക്കുന്നതിനായി 2016-ൽ ഇന്ത്യൻ പാർലമെന്റ് ആർ.പി.ഡബ്ല്യൂ.ഡി. ആക്റ്റ് പാസ്സാക്കിയിട്ടുണ്ടെങ്കിലും ആയത് ഇനിയും പൂർണ്ണ ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല.

10. സംസ്ഥാനത്ത് സ്ത്രീകളും ട്രാൻസ്ജെന്ററുകളും കുട്ടികളും ഭിന്നശേഷിക്കാരും അനുഭവിക്കുന്ന പീഡനവും ചൂഷണവും സംബന്ധിച്ച് സമിതിക്ക് ലഭിക്കുന്ന പരാതികൾ പരിഗണിച്ച് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, പ്രസ്തുതവിഭാഗങ്ങളുടെ ക്ഷേമവും ഉന്നമനവും ലക്ഷ്യമാക്കി സർക്കാർനടപ്പാക്കി വരുന്ന വിവിധ ക്ഷേമപദ്ധതികളുടെ പ്രയോജനം അർഹരായവർക്ക് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുക, അനാഥരായ

സ്ത്രീകൾ, കുട്ടികൾ,അവിവാഹിതരായ അമ്മമാർ, ട്രാൻസ് ജെന്ററുകൾ, ഭിന്നശേഷിക്കാർ എന്നിവരുടെ സംരക്ഷണവും ക്ഷേമവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സന്ദർശിച്ച് അവയുടെ പ്രവർത്തനം വിലയിരുത്തി എന്തെങ്കിലും പോരായ്മകളും വീഴ്ചകളും ഉണ്ടെങ്കിൽ അവ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും ശിപാർശകളും സർക്കാരിന് സമർപ്പിക്കുകയും ചെയ്യുക, സ്ത്രീകളിലും കുട്ടികളിലുമുള്ള ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം സംബന്ധിച്ച് പരിഹാരമാർഗ്ഗം നിർദ്ദേശിക്കുക തുടങ്ങിയവ സമിതിയുടെ പ്രവർ ത്തനങ്ങളിൽപ്പെടുന്നു.

11. ഇതുകൂടാതെ സ്ത്രീകൾ , ട്രാൻസ്ജെന്ററുകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ എന്നിവരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് പത്രദൃശ്യ മാധ്യമങ്ങളിൽ വരുന്ന വാർത്തകളുടെ അടിസ്ഥാനത്തിലും സമിതി

സ്വമേധയാ പരാതികൾ സ്വീകരിക്കാറുണ്ട് . സ്ത്രീകൾക്കും ട്രാൻസ്ജെന്ററുകൾക്കും കുട്ടികൾക്കും ഭിന്നശേഷിക്കാർക്കും എതിരെയുള്ള ചൂഷണം സംബന്ധിച്ച് സഭയിലെ ചർച്ചകളിൽ നിന്ന് ഉരുത്തിരിയുന്ന സംഗതികളും സമിതി പഠന വിഷയമാക്കാറുണ്ട്. സർക്കാർ റിപ്പോർട്ടുകളുടെ പരിഗണനയ്ക്കുശേഷം സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങളും ശിപാർശകളും ബന്ധപ്പെട്ട വകുപ്പുകളെ അറിയിച്ച് നടപടി ആവശ്യപ്പെടുന്നതു കൂടാതെ സമിതി പരിഗണിച്ച ഹർജികളെ സംബന്ധിച്ച ജനറൽ റിപ്പോർട്ടും പൊതുപ്രാധാന്യമുള്ള വിഷയങ്ങൾക്ക് പ്രത്യേകം പരിഗണന നൽകി വിശദമായ പഠനം നടത്തി തയ്യാറാക്കുന്ന സ്പെഷ്യൽ റിപ്പോർട്ടുകളും സമിതി നിയമസഭയിൽ സമർപ്പിക്കാറുണ്ട്. ഓരോ നിയമസഭയുടെ കാലയളവിലും രൂപീകരിക്കപ്പെടുന്ന സമിതികൾ പ്രസ്തുത കർത്തവ്യങ്ങൾ സ്തുത്യർഹമായ രീതിയിൽ നിർവ്വഹിച്ചുവരികയും ചെയ്യുന്നു.

12. പരാതി പരിഹാരത്തിനായി അപേക്ഷ നൽകി

വർഷങ്ങളോളം കാത്തിരുന്നാലും സർക്കാർ ഉദ്യോഗസ്ഥരുടെ അനാസ്ഥയും കാര്യക്ഷമതക്കുറവും കാരണം പ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്ത അവസ്ഥ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി താല്ക്കാലിക നിയമനം ലഭിച്ചിട്ടുള്ള വികലാംഗരുടെ സ്ഥിരനിയമനം, കേസന്വേഷണത്തിൽ പോലീസിന്റെ ഭാഗത്തു നിന്നുണ്ടാവുന്ന വീഴ്ചകൾ, വിവിധ പെൻഷൻ ആനുകൂല്യങ്ങൾ - ചികിത്സാ ചെലവ് എന്നിവ ലഭിക്കാതിരിക്കൽ, സ്ത്രീധന മരണം, ഗാർഹിക പീഡനം, സ്ത്രീകളും കുട്ടികളും ഭിന്നശേഷിക്കാരും നേരിടുന്ന ചൂഷണം എന്നിവ സംബന്ധിച്ച് ധാരാളം പരാതികൾ സമിതിയുടെ പരിഗണനയ്ക്ക് വരാറുണ്ട്.

13. ബഹു. സ്പീക്കർ നാമനിർദ്ദേശം ചെയ്യുന്നതും സമിതി അദ്ധ്യക്ഷൻ ഉൾപ്പെടെ ഒൻപത് അംഗങ്ങൾ അടങ്ങുന്നതുമായ

സമിതി പ്രതിമാസം മൂന്ന് യോഗങ്ങൾ ചേരുന്നു. സമിതിയുടെ സന്ദർശന വേളയിലും മറ്റും നേരിട്ട് ലഭിക്കുന്ന പരാതികളും തപാൽ മുഖേന ലഭിക്കുന്ന പരാതികളും പരിശോധിച്ച ശേഷം സമിതിയുടെ അധികാര പരിധിയിൽ വരുന്ന വിഷയങ്ങൾ സംബന്ധിച്ച പരാതികൾ റിപ്പോർട്ടിനായി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് അയയ്ക്കുകയും, പരാതിവിഷയം സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ട് സമിതി പരിശോധിച്ച് തൃപ്തികരമായവ പരാതിക്കാരെ അറിയിക്കുകയും റിപ്പോർട്ട് തൃപ്തികരമല്ലാത്ത പക്ഷം അധികവിവരം ആരായുകയോ സ്ഥല സന്ദർശനം നടത്തുകയോ, ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് സഹിതമുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിവിധ ജില്ലകളിൽ നിന്ന് ലഭിക്കുന്ന പരാതികളിന്മേൽ ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുന്നതിനും പൊതുജനങ്ങളിൽ നിന്നും

സംഘടനകളിൽ നിന്നും നേരിട്ട് പരാതികൾ സ്വീകരിക്കുന്നതിനുമായി ജില്ലാ ആസ്ഥാനങ്ങളിൽ വച്ച് സമിതി യോഗം ചേരുകയും ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും തെളിവ് ശേഖരിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട സ്ഥലങ്ങൾ , സ്ഥാപനങ്ങൾ തുടങ്ങിയവ സന്ദർശിക്കുകയും ചെയ്തു വരുന്നു. ജില്ലാ കളക്ടറുടെയും വകുപ്പുതലങ്ങളിൽ ജില്ലയിലെ ഉയർന്ന ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ ഹർജിക്കാർക്ക് അവരുടെ പരാതികൾ നേരിട്ട് ബോധ്യപ്പെടുത്തുന്നതിനും യോഗത്തിൽ വച്ച് തന്നെ പരിഹാരം കണ്ടെത്തുന്നതിനും സാധിക്കുന്നു എന്നത് സമിതിയുടെ ജില്ലാതല യോഗങ്ങളുടെ പ്രസക്തി വർദ്ധിപ്പിക്കുന്നു.

## സമിതിയുടെ ഇടപെടൽകൊണ്ട് പരിഹൃതമായ പരാതികൾ

### I) എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സുലോചന എൻ.സി., കാസർഗോഡ് സമർപ്പിച്ച ഹർജി

(ഫയൽ നം.21310/ഡബ്ല്യു.സി & പി.എച്ച് എ 3/2013/നി.സെ)

പരാതിക്കാരി പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടയാളാണെന്നും ശ്വാസകോശ സംബന്ധവും വൃക്കസംബന്ധവുമായ അസുഖങ്ങൾ നിമിത്തം ടിയാളുടെ ഭർത്താവ് 16.09.2009-ൽ മരണപ്പെട്ടുവെന്നും ആശുപത്രിയിൽ നിന്നും ചികിത്സാ രേഖകൾ ഒന്നും തന്നെ ലഭിക്കാത്തതിനാൽ ഭർത്താവിന് എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ആനുകൂല്യങ്ങളൊന്നും ലഭിച്ചിട്ടില്ലെന്നും ടിയാളുടെ ചികിത്സയ്ക്കായി ചെലവഴിച്ച 3 ലക്ഷത്തോളം രൂപയുടെ കടം ആധാരം ബാങ്കിൽ പണയപ്പെടുത്തിയാണ് തീർത്തതെന്നും 1000/- രൂപയുടെ മാസപെൻഷനല്ലാതെ യാതൊരു ആനുകൂല്യവും ലഭിച്ചിട്ടില്ലെന്നും അലർജി സംബന്ധമായ അസുഖം മൂലം ബുദ്ധിമുട്ടനുഭവിക്കുന്ന തനിക്കും മക്കൾക്കും അർഹമായ എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് 12.11.2013-ന് സമർപ്പിച്ച ഹർജിയിന്മേൽ റിപ്പോർട്ടാവശ്യപ്പെട്ട് 21.12.2013 തീയതിയായി ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കത്ത് അയച്ചിരുന്നു. ഹർജിയിന്മേൽ 21.01.2016 തീയതിയായി ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ് 56492/ജി1/2013/ആ.കു.വ. നമ്പർ കത്തു മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് 25.08.2016 ലെ യോഗത്തിൽ പരിഗണിച്ച സമിതി എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് പൊതുവായി നൽകി വരുന്ന

റിപ്പോർട്ടാണ് പരാതി വിഷയത്തിന്മേലും നൽകിയിരിക്കുന്നത് എന്ന് അഭിപ്രായപ്പെടുകയും പരാതിക്കാരിക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് പ്രത്യേകമായി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുവാൻ ആരോഗ്യകുടുംബക്ഷേമ വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത സമിതി നിർദ്ദേശം 16.11.2016 തീയതിയായി വകുപ്പിനെ അറിയിച്ചിരുന്നു.

സമിതിയുടെ 27.07.2017-ന് കാസർഗോഡ് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ പ്രസ്തുത ഹർജി പരിഗണിക്കവെ സർക്കാർ ഉത്തരവ് അടിസ്ഥാനമാക്കി നിലവിൽ കടബാധ്യത എഴുതിത്തള്ളുന്ന കാര്യം വ്യവസ്ഥകൾക്ക് വിധേയമായി പരിഗണിക്കുന്നതാണെന്ന് ഡെപ്യൂട്ടി കളക്ടർ (എൻഡോസൾഫാൻ സെൽ) സമിതിയെ അറിയിക്കുകയുണ്ടായി. പരാതിക്കാരിയുടെ കടബാധ്യതകൾ എഴുതിത്തള്ളണമെന്നും ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി സമിതിയെ അറിയിക്കണമെന്നും പ്രസ്തുത യോഗത്തിൽ സമിതി നിർദ്ദേശിച്ചിരുന്നു. ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ് 22.02.2020 തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം നിലവിൽ കടബാധ്യതകൾ എഴുതിത്തള്ളുന്നത് സാമൂഹ്യനീതി വകുപ്പാണെന്നും ആയതിനാൽ സാമൂഹ്യനീതി വകുപ്പിന് സമിതി നിർദ്ദേശത്തിന്റെയും ഹർജിയുടെയും പകർപ്പുകൾ കൈമാറിയതായും അറിയിച്ചിരുന്നു. പ്രസ്തുത സമിതി നിർദ്ദേശത്തിന്മേൽ സാമൂഹ്യനീതി (സി) വകുപ്പ് 05.01.2021 തീയതിയിൽ ലഭ്യമാക്കിയ റിപ്പോർട്ടിൽ ശ്രീമതി സുലോചന എൻ.സി., എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഒ.പി. നമ്പർ 5528 പ്രകാരം ഉൾപ്പെട്ടിട്ടുണ്ടെന്നും പെരിയ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ 1,70,000/- രൂപയുടെ വായ്പ 07.02.2019-ലെ കാസർഗോഡ് ജില്ലാ കളക്ടറുടെ ഇ.സി1/15959/13 നമ്പർ ഉത്തരവ് പ്രകാരവും, മകൻ സുനിൽ കുമാറിന്റെ പേരിലെ 3146 നമ്പർ പ്രകാരമുള്ള 25,000/- രൂപയുടെ വായ്പ 06.12.2018-ലെ ഇ.സി1/15959/13 നമ്പർ ഉത്തരവ് പ്രകാരവും മകൾ ജയസുധയുടെ പേരിലെ 3834

നമ്പർ പ്രകാരമുള്ള 25,000/- രൂപയുടെ വായ്പ 06.12.2018-ലെ ഇ.സി1/15959/13 നമ്പർ ഉത്തരവ് പ്രകാരവും കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 2,20,000/- രൂപ ബാങ്കിലേയ്ക്ക് ഒടുക്കിയിട്ടുള്ളതായി കാസർഗോഡ് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തതായി അറിയിച്ചു.

**2) കാഴ്ചവൈകല്യമുള്ള സർക്കാർ ജീവനക്കാർക്ക് കൺവേയൻസ് അലവൻസ് ലഭ്യമാക്കുന്നത് സംബന്ധിച്ച് ശ്രീ. ജയദാസൻ, കോഴിക്കോട് സമർപ്പിച്ച പരാതി സംബന്ധിച്ച്.**

(ഫയൽ നം. 16537/ഡബ്ല്യു.സി & പി.എച്ച്.സി 1/2017/നി.സെ.)

നാൽപതുശതമാനം കാഴ്ചവൈകല്യമുള്ള പരാതിക്കാരൻ വികലാംഗരുടെ പ്രത്യേക നിയമനത്തിലൂടെ സർക്കാർ വിദ്യാലയത്തിൽ ജൂനിയർ ഹിന്ദി അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചുവെന്നും കാഴ്ചവൈകല്യമുള്ള സർക്കാർ ജീവനക്കാർക്ക് അർഹതപ്പെട്ട കൺവേയൻസ് അലവൻസിന് വേണ്ടി അപേക്ഷ സമർപ്പിച്ചുവെങ്കിലും ആയത് നിരസിച്ചുവെന്നും എഴുപത്തിയഞ്ച് ശതമാനത്തിന് മുകളിൽ കാഴ്ചവൈകല്യമുള്ളവർക്കേ പ്രസ്തുത അലവൻസ് ലഭിക്കുകയുള്ളൂ എന്നാണ് അറിയിച്ചതെന്നും എന്നാൽ മറ്റ് തരത്തിലുള്ള വൈകല്യങ്ങൾ 40% മാത്രമുള്ളവർക്കും പ്രസ്തുത അലവൻസ് നൽകുന്നുണ്ടെന്നും ആയതിനാൽ പരാതിക്കാരനെപോലെ കാഴ്ചവൈകല്യമുള്ള ജീവനക്കാർക്കും പ്രസ്തുത കൺവേയൻസ് അലവൻസ് ലഭ്യമാക്കണമെന്നതാണ് 07.03.2017-ൽ സമർപ്പിച്ച പരാതിയിലെ ആവശ്യം.

പരാതി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന് നൽകിയിരുന്നു. ആയതിന്മേൽ പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ് 11.05.2018 തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"G.O. (P) No. 77/84/Fin dated: 07.02.1984 പ്രകാരം വിഷൻ 3/60 അല്ലെങ്കിൽ രണ്ടു കണ്ണുകളിലും ഫീൾഡ് ഡിവിഷൻ 10° -യെക്കാളും കുറവുള്ള സർക്കാർ ജീവനക്കാർക്ക് 11.06.1980 തീയതിയിലെ സർക്കാർ ഉത്തരവ് (G.O(P)No.364/80/Fin.) പ്രകാരമുള്ള കൺവേയൻസ് അലവൻസിന് അർഹരാണെന്ന് ഉത്തരവ് ചെയ്തു. വിഷൻ 3/60 അല്ലെങ്കിൽ രണ്ടു കണ്ണുകളിലും ഫീൾഡ് വിഷൻ 10° യെക്കാളും കുറവുള്ള വ്യക്തിയുടെ കാഴ്ച വൈകല്യം (മാർഗരേഖ പ്രകാരം) 75 ശതമാനത്തിലും 100 ശതമാനത്തിലും ഇടയ്ക്കാണെന്ന്

തിരുവനന്തപുരം, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി അറിയിച്ചിരിക്കുന്നു.

ബധിര-മൂക വിഭാഗത്തിൽ 50 ശതമാനം ശാരീരിക വൈകല്യമുള്ള (ഒ.പി.എച്ച്.) വിഭാഗത്തിന് 40 ശതമാനം ശാരീരിക വൈകല്യമുണ്ടെങ്കിൽ കൺവേയൻസ് അലവൻസിന് അർഹതയുണ്ട്. എന്നാൽ നിലവിലുള്ള സർക്കാർ ഉത്തരവുകൾ അനുസരിച്ച് കാഴ്ച വൈകല്യമുള്ള ജീവനക്കാർക്ക് കൺവേയൻസ് അലവൻസ് ലഭിക്കുന്നതിന് 75 ശതമാനത്തിനുമേൽ വൈകല്യം ഉണ്ടായിരിക്കണം. ശാരീരിക വൈകല്യവും കാഴ്ച വൈകല്യവും നിർണ്ണയിക്കുന്ന മാനദണ്ഡം വ്യത്യസ്തമായതിനാൽ ശാരീരിക വൈകല്യത്തിന്റെ അതേ ശതമാനം കാഴ്ച വൈകല്യത്തിന്റെ കാര്യത്തിലും ബാധകമാക്കാൻ കഴിയില്ല. ശ്രീ. ജയദാസൻ ഹാജരാക്കിയിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിൽ ടിയാന്റെ കാഴ്ച വൈകല്യം 40 ശതമാനം മാത്രമാണ്. ആയതിനാൽ ശ്രീ.ജയദാസന് സ്പെഷ്യൽ കൺവേയൻസ് അലവൻസിന് അർഹതയില്ല. ടിയാൻ ഇതേ ആവശ്യം ഉന്നയിച്ച് ബഹു. മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെൽ വഴി സമർപ്പിച്ച അപേക്ഷ സർക്കാർ വിശദമായി പരിശോധിച്ച് ടിയാന്റെ ആവശ്യം പരിഗണിക്കാൻ സാധിക്കുകയില്ലെന്ന വിവരം 02.02.2016 തീയതിയിലെ സർക്കാർ കത്ത് നം. 48532/ഇ 3/2015/പൊ.വി.വ. പ്രകാരം അറിയിച്ചിരുന്നു എന്നുള്ള വിവരവും സമിതി മുമ്പാകെ ബോധിപ്പിച്ചുകൊള്ളുന്നു."

40% കാഴ്ചവൈകല്യമുള്ള ഹർജിക്കാരന് കൺവേയൻസ് അലവൻസ് അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിനോടൊപ്പം ഇതേ ആവശ്യം ഉന്നയിച്ച് 50% കാഴ്ച വൈകല്യമുള്ള ശ്രീ. റഷീദ് ടി. കെ., കാസർഗോഡ് (ഫയൽ നം. 21730/ഡബ്ല്യൂസി & പി.എച്ച്. സി2/2017/നി.സെ.) സമർപ്പിച്ച പരാതിയിന്മേൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടും സമിതി പരിഗണിക്കുകയുണ്ടായി.

ശ്രീ. ജയദാസൻ സമർപ്പിച്ച പരാതിയിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ കാഴ്ച വൈകല്യമുള്ള ജീവനക്കാർക്ക് കൺവേയൻസ് അലവൻസ് ലഭിക്കുന്നതിന് 75%-നുമേൽ വൈകല്യമുണ്ടായിരിക്കണം എന്ന് രേഖപ്പെടുത്തിയിരുന്നു. എന്നാൽ ശ്രീ. റഷീദിന്റെ പരാതിയിന്മേൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ കൺവേയൻസ് അലവൻസ് അനുവദിക്കുന്നതു സംബന്ധിച്ച സർക്കാർ ഉത്തരവുകൾ, '2016-ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് ആക്ട്' എന്നിവ പ്രകാരം 40 ശതമാനമോ അതിൽ കൂടുതലോ വൈകല്യമുള്ള, മെഡിക്കൽ ബോർഡിൽ നിന്നും ഡിസബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ള ജീവനക്കാർക്ക് കൺവേയൻസ് അലവൻസ് ലഭിക്കുന്നതിന് അർഹതയുണ്ട്

എന്നും ആയതിനാൽ മെഡിക്കൽ ബോർഡിൽ നിന്നും 40 ശതമാനമോ അതിൽ കൂടുതലോ കാഴ്ചവൈകല്യമുണ്ടെന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവർക്ക് കൺവേയൻസ് അലവൻസ് നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുവാൻ പൊതുവിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നും അറിയിച്ചിരുന്നു. സമാന വിഷയത്തിന്മേൽ ഗവ. വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടിലെ വൈരുദ്ധ്യം ചൂണ്ടിക്കാട്ടിയ സമിതി, ആദ്യ പരാതിയിന്മേൽ വ്യക്തത വരുത്തും വിധം റിപ്പോർട്ട് സമർപ്പിക്കണമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെടുവാൻ തീരുമാനിക്കുകയും ചെയ്തു.

സമിതി നിർദ്ദേശത്തിന്മേലുള്ള നടപടി റിപ്പോർട്ട് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമാകാത്തതിനാൽ 22.01.2020-ലെ തെളിവെടുപ്പ് യോഗത്തിൽ വിഷയം ഉൾപ്പെടുത്തിയതിനെ തുടർന്ന് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കാഴ്ച വൈകല്യമുള്ള സർക്കാർ ജീവനക്കാർക്ക് കൺവേയൻസ് അലവൻസ് ലഭ്യമാക്കുന്നത് സംബന്ധിച്ച് ശ്രീ. ജയദാസൻ, കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച നിയമസഭ സമിതിയ്ക്ക് മുമ്പാകെ സമർപ്പിച്ച പരാതിയിന്മേലുള്ള അംഗീകരിച്ച റിപ്പോർട്ട് (40 പ്രതികൾ) 11.05.2018 തീയതിയിലെ കത്ത് നം. ഇ 3/57/2017/പൊ.വി.വ. പ്രകാരം നിയമസഭാ സമിതിക്ക് ലഭ്യമാക്കിയിരുന്നു.

തുടർന്ന് പ്രസ്തുത റിപ്പോർട്ടിൽ കാഴ്ചവൈകല്യമുള്ള ജീവനക്കാർക്ക് കൺവേയൻസ് അലവൻസ് ലഭിക്കുന്നതിന് 75 ശതമാനത്തിനുമേൽ വൈകല്യമുണ്ടായിരിക്കണം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു എന്നും എന്നാൽ ഇതേ ആവശ്യം ഉന്നയിച്ച് ശ്രീ . റഷീദ് ടി.കെ., കാസർഗോഡ് സമർപ്പിച്ച പരാതിയിന്മേൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ കൺവേയൻസ് അലവൻസ് അനുവദിക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾ, '2016-ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് ആക്ട് എന്നിവ പ്രകാരം 40 ശതമാനമോ അതിൽ കൂടുതലോ വൈകല്യമുള്ള, മെഡിക്കൽ ബോർഡിൽ നിന്നും ഡിസബിലിറ്റീസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ള ജീവനക്കാർക്ക് കൺവേയൻസ് അലവൻസ് ലഭിക്കുന്നതിന് അർഹതയുണ്ടെന്നും ആയതിനാൽ മെഡിക്കൽ ബോർഡിൽ നിന്നും 40 ശതമാനമോ അതിൽ കൂടുതലോ കാഴ്ചവൈകല്യമുണ്ടെന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവർക്ക് കൺവേയൻസ് അലവൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാമൂഹ്യനീതി (ഡി) വകുപ്പിന്റെ 08.05.2018 തീയതിയിലെ അനൗദ്യോഗിക കുറിപ്പ് നം. 132/ഡി3/17/സാനീവ. പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്" എന്ന് വിവരം അറിയിച്ചിട്ടുണ്ട് എന്നും

ആയതിനാൽ സമാന വിഷയത്തിന്മേൽ സർക്കാർ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി ശ്രീ. ജയദാസൻ സമർപ്പിച്ച പരാതിയിന്മേൽ വ്യക്തത വരുത്തും വിധം റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിച്ചതായും ആയതിനാൽ സമിതിയുടെ പരിഗണനയ്ക്കായി പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് അടിയന്തരമായി കേരള നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ വിഷയത്തിന്മേൽ വീണ്ടും ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയും G.O(P) 77/84/Fin. Dated 07.02.1984 അനുസരിച്ച് " Government Servants having vision less than 3/60 or field vision less than 10 in both eyes" ആണ് സ്പെഷ്യൽ അലവൻസിന് (കൺവേയൻസ് അലവൻസ്) അർഹരായിട്ടുള്ളതെന്നും " Vision less than 3/60 or field vision less than 10" എന്ന പരിധിയിൽ കാഴ്ചയുള്ളവർ 40 ശതമാനത്തിൽ കൂടുതൽ കാഴ്ച വൈകല്യമുള്ളവരായതിനാൽ സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടെന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത സാഹചര്യത്തിൽ 40% കാഴ്ച വൈകല്യമുണ്ടെന്ന് മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയിരിക്കുന്ന ജൂനിയർ അദ്ധ്യാപകനായ ശ്രീ.ജയദാസന് വികലാംഗ ജീവനക്കാർക്ക് അനുവദനീയമായ സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടോ എന്നത് സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ അഭിപ്രായം ആരായാൻ ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടു. തുടർന്ന് വിഷയം പരിശോധിക്കുന്നതിലേയ്ക്ക് കൺവേയൻസ് അലവൻസ് അനുവദിക്കുന്നതിനുള്ള നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ ഡിസബിലിറ്റി അസ്സെസ്സ്മെന്റ് ബോർഡിൽ നിന്നുള്ള ഫോട്ടോ പതിപ്പിച്ച് അസ്സൽ ഡിസബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുവാൻ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഭിപ്രായപ്പെടുകയും പ്രസ്തുത രേഖകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന ലഭ്യമാക്കി വീണ്ടും ആരോഗ്യ വകുപ്പിന് 14.01.2020-ന് അയച്ചിരിക്കുകയാണ്. പ്രസ്തുത വകുപ്പിന്റെ അഭിപ്രായം ലഭിച്ചാലുടൻ അന്തിമ മറുപടി സമർപ്പിക്കുന്നതാണെന്നുള്ള വിവരം സമിതി മുമ്പാകെ ബോധിപ്പിക്കുന്നു."

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി വിഷയം സംബന്ധിച്ച അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു. ആയതിൻ പ്രകാരം 19.01.2021-ന് പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് വിവരം ചുവടെ ചേർക്കുന്നു.

"കാഴ്ച വൈകല്യമുള്ള സർക്കാർ ജീവനക്കാർക്ക് കൺവേയൻസ് അലവൻസ് ലഭ്യമാക്കുന്നത് സംബന്ധിച്ച് ശ്രീ. ജയദാസൻ, കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച നിയമസഭ സമിതിയ്ക്കു മുമ്പാകെ സമർപ്പിച്ച